പണിയുന്നതിന് 30 ലക്ഷം രൂപ വരെ അനുവദിക്കുന്ന ഒരു കേന്ദ്ര സർക്കാർ സഹായപദ്ധതിയും നിലവിലുണ്ട്. സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന 82 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങൾക്ക് ആളൊന്നിന് പ്രതിമാസം 100 രൂപ പ്രകാരം ധനസഹായം നൽകുന്നുണ്ട്.

അഗതികളായ സ്ത്രീകളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി വയനാട്, ഇടുക്കി ജില്ലാകളൊഴികെ മറ്റെല്ലാ ജില്ലകളിലും 12 മഹിളാ മന്ദിരങ്ങൾ പ്രവർത്തിച്ചുവരുന്നു. കുടുംബകലഹംമൂലം പ്രതിസന്ധിയിലായ സ്ത്രീകൾക്ക് താൽക്കാലിക സംരക്ഷണം നൽകുന്നതിലേയ്ക്കായി കോഴിക്കോട് ഒരു ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം എറണാകുളം എന്നീ സ്ഥലങ്ങളിൽ അഗതികളും വികലാംഗരുമായ സ്ത്രീകളുടെ സംരക്ഷണത്തിനായി ഓരോ ഭവനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(സി) സമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡിന്റെ കീഴിൽ എല്ലാ ജില്ലകളിലുമായി 31 ഫാമിലി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഫാമിലി കൗൺസിലിംഗ് സെന്ററുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

292 (1471) അന്ധ-ബധിര-മൂക വിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതികൾ

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ അന്ധ-ബധിര-മൂക വിഭാഗങ്ങളുടെ ഉന്നമനത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) അന്ധ-ബധിര-മൂക വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും മന്ദബുദ്ധി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും നൽകിവരുന്ന ബോർഡിംഗ് ഗ്രാന്റ്, മെസ് അലവൻസ് എന്നിവ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സമൂഹത്തിലെ അന്ധ-ബധിര-മൂക വിഭാഗങ്ങളുടെ ഉന്നമനത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വികലാംഗരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി.
2. വികലാംഗർക്ക് തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്റ്റൈപ്പന്റ് പദ്ധതി.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് ഉദ്യോഗ നിയമനങ്ങൾക്കായി ഇന്റർവ്യൂ, എഴുത്ത് പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്നതിന് യാത്രാബത്ത നൽകുന്ന പദ്ധതി.

4. അന്ധരായ അഭിഭാഷകർക്കുള്ള ധനസഹായ പദ്ധതി.

5. സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ പുനരധിവാസ സദനങ്ങൾക്കുള്ള ധനസഹായം.

6. വികലാംഗ ജീവനക്കാർക്കുള്ള സംസ്ഥാന ദേശീയ അവാർഡ് പദ്ധതികൾ.

7. വികലാംഗർക്ക് നിയമനം നൽകിയിട്ടുള്ള സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന ദേശീയ അവാർഡ് പദ്ധതികൾ.

8. വികലാംഗർക്കുവേണ്ടി പ്രവർത്തിക്കുന്ന മികച്ച സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന ക്യാഷ് അവാർഡ് പദ്ധതി.

9. സാമൂഹ്യക്ഷേമ വകുപ്പു മന്ത്രിയുടെ വികലാംഗ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായ പദ്ധതി.

10. തൊഴിൽ പരിശീലനം ലഭിച്ചവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻവഴി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ബാങ്ക് ലോൺ തരപ്പെടുത്തികൊടുക്കുകയും 2000/- രൂപ വരെ സബ്സിഡി നൽകുകയും ചെയ്യുന്ന പദ്ധതി.

11. തിരുവനന്തപുരത്തും കോഴിക്കോട്ടും ഓരോ വികലാംഗ തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വികലാംഗരായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകി അവരെ ജീവിതത്തിൽ സ്വയംപര്യാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ ഓരോ ബാല വികലാംഗ സദനം കൊല്ലത്തും, തൃശ്ശൂരും, ആലപ്പുഴയിലും, കണ്ണൂരിൽ തളിപ്പറമ്പിലും പ്രവർത്തിക്കുന്നു. ഓരോ വൃദ്ധ വികലാംഗ സദനം ആലപ്പുഴ, എറണാകുളം, പാലക്കാട്, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നു.

ബധിര-മൂക കുട്ടികളുടെ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) എന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നു.

കൂടാതെ അന്ധരായവർക്ക് കറുത്ത കണ്ണട, വൈറ്റ് കെയിൻ, ബ്രെയിലിസ്ലേറ്റ് എന്നിവയും ഭാഗികമായി ബധിര-മൂകരായവർക്ക് ശ്രവണ സഹായിയും വികലാംഗക്ഷേമ കോർപ്പറേഷൻവഴി സൗജന്യമായി വിതരണം ചെയ്യുന്നു (വാർഷികവരുമാന പരിധി 12000 രൂപ).

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്ധ-ബധിര-മൂക വിഭാഗങ്ങൾക്കായി താഴെപറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. ബധിര-മൂകർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിനും പരിശീലനം നൽകുന്നതിനുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനം ആരംഭിച്ചു.

2. 1995-ലെ വികലാംഗ (തുല്യ അവസര അവശ സംരക്ഷണ, പൂർണ്ണ പങ്കാളിത്ത) നിയമം സംസ്ഥാനത്തു നടപ്പാക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റി, സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരീക്കുകയും ഒരു വികലാംഗക്ഷേമ കമ്മിഷണറേറ്റ് സ്ഥാപിക്കുകയും ചെയ്തു. ഈ നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം സംസ്ഥാന സർവ്വീസിലെ ക്ലാസ്സ് 3, 4 തസ്തികകളിലെ 3 ശതമാനം വികലാംഗർക്ക് സംവരണം ചെയ്തിട്ടുണ്ട്. ഈ സംവരണത്തിന്റെ ആനുകൂല്യം 1:1:1 എന്ന അനുപാതത്തിൽ അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ, അന്ധർ-ബധിരർ, ബധിര-മൂകർ എന്നിവർക്ക് ലഭിക്കും.

3. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ശാരീരിക വൈകല്യമുള്ളവർ, ബധിരർ, മൂകർ, അന്ധർ എന്നിങ്ങനെ ഓരോ ജില്ലയിൽ ഓരോ വിഭാഗത്തിലും ഒരു വിദ്യാർത്ഥി എന്ന തോതിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ മികച്ച വിജയം വരിക്കുന്ന കുട്ടികൾക്ക് കൃാഷ് അവർഡ് നൽകുന്നു.

4. വികലാംഗർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനും പരിശീലനം നൽകി അവരെ പ്രസ്തുത തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുന്നതിനുമായി ജില്ലകളിൽ അനുയോജ്യമായ ഉൽപ്പാദന യൂണിറ്റുകൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടിയും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന സ്വീകരിച്ചുവരുന്നു.

(സി) ഈ നിർദ്ദേശം തൽക്കാലം പരിഗണനയിലില്ല.

293 (1472) അംഗൻവാടി ജീവനക്കാർ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അംഗൻവാടികളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്ര;

(ബി) ഇവരുടെ വേതന വ്യവസ്ഥകൾ വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ വിഭാഗം ജീവനക്കാർക്ക് വർദ്ധിപ്പിച്ച ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(ഡി) കായംകുളം മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള അംഗൻവാടികൾ ഏതൊക്കെ; വിശദവിവരങ്ങൾ നൽകുമോ;

(ഇ) സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അംഗൻവാടികൾക്ക് അവ നിർമ്മിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുമോ?

ഉത്തരം

(എ) ഇപ്പോൾ സംസ്ഥാനത്ത് ആകെ 34420 അംഗൻവാടി ജീവനക്കാർ ജോലിചെയ്തുവരുന്നു.

(ബി) ഇവരുടെ വേതന നിരക്ക് താഴെപറയും പ്രകാരമാണ്.

അംഗൻവാടി വർക്കർ	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	ആകെ
എസ്.എസ്.എൽ.സി. ജയിച്ചവർ	500	200	700
5 വർഷം സേവന ദൈർഘ്യമുള്ള	531	200	731

LIBRARY ARCHIVES Kerala Legislative Assembly